**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 162** **01-07-2026-ൽ മറുപടിയ്ക്ക്**

**<u>സപ്ലൈകോയിലൂടെ വിതരണം ചെയ്യുന്ന നിത്യോപയോഗ സാധനങ്ങൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീമതി ഫാത്തിമ തഹിലിയ

ശ്രീ. എം. റഹ്മത്തുള്ള

ശ്രീ. എം. എ. റസാഖ് മാസ്റ്റർ

ശ്രീ. പി .എം. എ. സമീർ

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. അനൂപ് ജേക്കബ്

(ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി)

**(എ)** സപ്ലൈകോയിൽ ആവശ്യമായ നിത്യോപയോഗ സാധനങ്ങൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** സപ്ലൈകോയിൽ നിത്യോപയോഗ സാധനങ്ങൾ ലഭ്യമാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കും. സ്ഥലസൗകര്യം കുറഞ്ഞ വില്പനശാലകളിലേക്ക് കൂടുതൽ പ്രാവശ്യം സാധനങ്ങളെത്തിച്ച് കൊടുക്കും. മുൻ മാസങ്ങളിലെ വില്പന, കഴിഞ്ഞ വർഷം ഇതേ മാസങ്ങളിലെ വില്പന, ഉൽസവ സീസൺ മുതലായവ കണക്കിലെടുത്ത് എല്ലാ വില്പന ശാലകളിലും ആവശ്യത്തിന് അവശ്യ സാധനങ്ങൾ എത്തിച്ച് കൊടുക്കുവാൻ എല്ലാ ഡിപ്പോകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

മുൻകൂട്ടി തീരുമാനിച്ച തീയതികളിൽ നിയമാനുസൃത ടെണ്ടർ നടപടികളിലൂടെ /ലേലത്തിലൂടെ സപ്ലൈകോ വിൽപ്പന ശാലകളിലേയ്ക്ക് ആവശ്യമായ അവശ്യ സാധനങ്ങളും മറ്റ് നിത്യോപയോഗ സാധനങ്ങളും സംഭരിച്ച് വരുന്നു. സപ്ലൈകോ ഡിപ്പോ തലത്തിൽ ലഭിക്കുന്ന ഇൻഡന്റുകൾക്ക് അനുസൃതമായി സാധനങ്ങൾ സംഭരിക്കുകയും വിൽപ്പന ശാലകളിലേയ്ക്ക് ആവശ്യാനുസരണം എത്തിക്കുകയും ചെയ്യുന്നുണ്ട്. സപ്ലൈകോ ടെണ്ടറുകളുടെ തീയതി മുൻകൂട്ടി അറിയിക്കുന്നതിനായി 2026-27 സാമ്പത്തിക വർഷത്തെ സപ്ലൈകോ ടെണ്ടർ കലണ്ടർ പുറത്തിറക്കിയിട്ടുണ്ട്. ഇത് എല്ലാ സപ്ലൈകോ ഡിപ്പോകളിലും ബന്ധപ്പെട്ട എല്ലാ ഡിവിഷൻ മേധാവികൾക്കും എത്തിച്ച് നൽകിയിട്ടുണ്ട്. ബന്ധപ്പെട്ട ജീവനക്കാർക്ക് പരിശീലന ക്ലാസുകൾ സംഘടിപ്പിക്കുകയും ഇൻഡെന്റിംഗ് സംബന്ധിച്ച് ക്ലാസ്സുകൾ നൽകുകയും ചെയ്യുന്നുണ്ട്. ടെണ്ടർ നടപടികളെക്കുറിച്ച് ബന്ധപ്പെട്ട എല്ലാവർക്കും വ്യക്തമായ അവബോധം സൃഷ്ടിക്കാൻ ഇതുവഴി സാധിച്ചിട്ടുണ്ട്. കൃത്യമായ ഇൻഡെന്റിംഗ് വഴി വിൽപ്പനശാലകളിൽ സാധനങ്ങൾ വേണ്ടത്ര സ്റ്റോക്ക് ഉണ്ടെന്ന് ഉറപ്പാക്കാൻ സാധിക്കുന്നു. പൊതുജനങ്ങൾക്ക് കുറഞ്ഞ വിലയ്ക്ക് വേണ്ടത്ര അളവിൽ സാധനങ്ങൾ നൽകാൻ സാധിക്കുന്നത് മൂലം വിലക്കയറ്റം, പൊതു വിപണിയിലെ ചൂഷണം എന്നിവയിൽനിന്ന് സംരക്ഷണം നൽകാൻ സാധിക്കുന്നു.

**(ബി)** മുൻ സർക്കാരിന്റെ കാലത്ത് സബ്സിഡി നൽകുന്ന സാധനങ്ങളുടെ വില വർദ്ധിപ്പിച്ചിട്ടുണ്ടോ, എങ്കിൽ ഇത് പുനഃപരിശോധിക്കുമോ; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** 2016-ന് ശേഷം സബ്സിഡി നൽകുന്ന സാധനങ്ങളുടെ വില വർദ്ധിപ്പിച്ചിട്ടുണ്ട്. സപ്ലൈകോ പരിഷ്കരണത്തിനായി നിയോഗിച്ച വിദഗ്ധസമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 2024 ഫെബ്രുവരി 16 തീയതിയിലെ സ.ഉ.(കൈ) നം. 3/2024/ F&CS നമ്പർ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടി അവശ്യ സാധനങ്ങളുടെ സബ്സിഡി വിൽപ്പന വില കാലോചിതമായി പരിഷ്കരിച്ചു. കൂടാതെ പൊതു വിപണി നിരക്കുകൾ വിശകലനം ചെയ്തതിനു ശേഷം സർക്കാർ അനുമതിയോടെ സബ്സിഡി വിൽപ്പന വിലകൾ പുതുക്കുന്നതിനുള്ള അനുമതി ടി ഉത്തരവ് പ്രകാരം സപ്ലൈകോയ്ക്ക് നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സപ്ലൈകോ പൊതു വിപണിയിലെ നിരക്കുകൾ വിലയിരുത്തി മേൽപ്പറഞ്ഞ സബ്സിഡി സാധനങ്ങളുടെ വില വർദ്ധിപ്പിക്കുന്നതിനോ കുറയ്ക്കുന്നതിനോ സർക്കാരിലേയ്ക്ക് പ്രൊപ്പോസൽ സമർപ്പിക്കുകയും സർക്കാർ ഉത്തരവാകുന്ന മുറയ്ക്ക് വില പരിഷ്കരിക്കുകയും ചെയ്തു വരുന്നുണ്ട്. നിലവിൽ വെളിച്ചെണ്ണ, ജയ അരി, കുറുവ അരി, മട്ട അരി, പച്ചരി എന്നിവയുടെ സബ്സിഡി നിരക്കിലുള്ള വിൽപ്പന വില കുറയ്ക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവാകുന്ന മുറയ്ക്ക് ടി ഇനങ്ങളുടെ വിൽപ്പന വിലകൾ പരിഷ്കരിക്കുന്നതാണ്.

2024 ഫെബ്രുവരി മുതൽ സബ്സിഡി വിൽപ്പന വില പരിഷ്കരിച്ചതു സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

**(സി)** കൂടുതൽ സാധനങ്ങൾ സപ്ലൈകോ വഴി വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**<u>മറുപടി:</u>** സപ്ലൈകോ വഴി കൂടുതൽ ഉൽപ്പന്നങ്ങൾ വിതരണം ചെയ്യുവാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സപ്ലൈകോ വഴി വിൽപ്പന നടത്തി വരുന്ന സബ്സിഡി ഉൽപ്പന്നങ്ങൾക്ക് പുറമെ സബ്സിഡിയിതര ഉൽപ്പന്നങ്ങളും കൂടുതൽ എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ “ശബരി” ബ്രാൻഡിൽ കൂടുതൽ ഉൽപ്പന്നങ്ങൾ ഈ ഓണത്തോടനുബന്ധിച്ച് പുറത്തിറക്കുവാനുള്ള നടപടികൾ പുരോഗമിക്കുന്നു. പ്രമുഖ ബ്രാൻഡ് FMCG ഉൽപ്പന്നങ്ങളും കൂടുതലായി സപ്ലൈകോ വിൽപ്പനശാലകളിൽ എത്തിക്കുവാനുള്ള നടപടികളും കൈക്കൊണ്ടിട്ടുണ്ട്.

കൂടാതെ സപ്ലൈകോ മെഡിക്കൽ ഷോപ്പുകൾ വഴി ഇൻസുലിൻ ഉൾപ്പെടെയുള്ള മരുന്നുകൾ കുറഞ്ഞ വിലയിൽ വിതരണം ചെയ്യുന്നുണ്ട്. ഇൻസുലിൻ MRP യിൽ നിന്ന് 20% മുതൽ 24% വരെ വിലക്കുറവിലും മറ്റു മരുന്നുകൾ MRP യിൽ നിന്ന് 13% മുതൽ 25% വരെ വിലക്കുറവിലും വിൽപ്പന നടത്തി വരുന്നു. ഓരോ പ്രദേശത്തെയും ആവശ്യകത കണക്കിലെടുത്ത് കൂടുതൽ ഉൽപ്പന്നങ്ങൾ എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

**സെക്ഷൻ ഓഫീസർ**

# അനുബന്ധം

## 2024 ഫെബ്രുവരി മുതൽ സബ്സിഡി വിൽപ്പന വില പരിഷ്കരിച്ചത് സംബന്ധിച്ച_വിശദാംശങ്ങൾ

| | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | സബ്സിഡി വിൽപ്പനവില പരിഷ്കരിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവുകൾ | | | | | | | | | | | |
| | | പരിഷ്കരണത്തിന് മുൻപ് നിലവിലുണ്ടായിരുന്ന വില | സ.ഉ. (സാധാ)നം. 3/2024/F&CS dtd. 16-2-24 | സ.ഉ. (സാധാ) നം.129-2024-F&CS തീയതി 29-05-2024 | സ.ഉ. (സാധാ) നം. 282-2024-F&CS തീയതി. 31-08-2024 | സ.ഉ. (സാധാ) നം.287-2024-F&CS തീയതി. 04-09-2024 | സ.ഉ. (സാധാ) നം.290-2024-F&CS തീയതി. 05-09-2024 | സ.ഉ. (സാധാ) നം 382-2024-F&CS തീയതി . 29-11-2024 | സ.ഉ. (സാധാ) നം. 22-2025-F&CS തീയതി. 29-01-2025 | സ.ഉ. (സാധാ) നം. 108-2025-F&CS തീയതി. 10-04-2025 | സ.ഉ. (സാധാ) നം.261-2025-F&CS തീയതി. 30-07-2025 | സ.ഉ. (സാധാ) നം. 317-2025-F&CS തീയതി. 18-09-2025 | സ.ഉ. (സാധാ) നം. 438-2025-F&CS തീയതി. 20-12-2025 | സ.ഉ. (സാധാ) നം. 34-2026 F&CS തീയതി. 03-02-2026 |
| ക്രമ നം. | സബ്സിഡി ഇനം | 01-09-2020 മുതൽ പുതുക്കിയ നിലവിലുള്ള സബ്സിഡി വില കിലോ ഗ്രാമിന് | 21-02-2024 മുതൽ പുതുക്കിയ സബ്സിഡി വില | 01-06-2024 മുതൽ പുതുക്കിയ സബ്സിഡി വില | 04-09-2024 മുതൽ പുതുക്കിയ സബ്സിഡി വില | 05-09-2024 മുതൽ പുതുക്കിയ സബ്സിഡി വില | 06-09-2024 മുതൽ പുതുക്കിയ സബ്സിഡി വില | 01-12-2024 മുതൽ പുതുക്കിയ സബ്സിഡി വില | 01-02-2025 മുതൽ പുതുക്കിയ സബ്സിഡി വില | 11-04-2025 മുതൽ പുതുക്കിയ സബ്സിഡി വില | 01-08-2025 മുതൽ പുതുക്കിയ സബ്സിഡി വില | 22-09-2025 മുതൽ പുതുക്കിയ സബ്സിഡി വില | 22-12-2025 മുതൽ പുതുക്കിയ സബ്സിഡി വില | 04-02-2026 മുതൽ പുതുക്കിയ സബ്സിഡി വില |
| 1 | ചെറുപയർ (1 കി.ഗ്രാം) | **74** | **92** | **92** | **92** | **90** | **90** | **90** | **90** | **90** | **90** | **85** | **85** | **85** |

| | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 2 | ഉഴുന്ന് ബോൾ (1 കി.ഗ്രാം) | 66 | 95 | 95 | 95 | 95 | 95 | 95 | 95 | 90 | 90 | 90 | 87 | 87 |
| 3 | വൻകടല (1 കി.ഗ്രാം) | 43 | 69 | 69 | 69 | 69 | 69 | 69 | 69 | 65 | 65 | 65 | 63 | 63 |
| 4 | വൻപയർ (1 കി.ഗ്രാം) | 45 | 75 | 75 | 75 | 75 | 75 | 79 | 79 | 75 | 70 | 70 | 68 | 68 |
| 5 | തുവരപരിപ്പ് (1 കി.ഗ്രാം) | 65 | 111 | 111 | 111 | 115 | 115 | 115 | 115 | 105 | 93 | 88 | 85 | 83 |
| 6 | മുളക് (500 ഗ്രാം) | 75 | 82 | 75 | 75 | 75 | 73 | 73 | 65 | 55 | 55 | 55 | 55 | 55 |
| | മുളക് (1 കി.ഗ്രാം) | | | | | | | | | | 110 | 110 | 130 | 130 |
| 7 | മല്ലി (500 ഗ്രാം) | 39.5 | 39 | 39 | 39 | 39 | 39 | 39 | 39 | 39 | 39 | 39 | 39 | 45 |
| 8 | പഞ്ചസാര (1 കി.ഗ്രാം) | 22 | 27 | 27 | 33 | 33 | 33 | 33 | 33 | 33 | 33 | 33 | 33 | 33 |
| 9 | പച്ചരി (1 കി.ഗ്രാം) | 23 | 26 | 26 | 26 | 26 | 26 | 29 | 29 | 29 | 29 | 29 | 29 | 29 |
| 10 | കുറുവ അരി | 25 | 30 | 30 | 30 | 33 | 33 | 33 | 33 | 33 | 33 | 33 | 33 | 33 |

| | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | (1 കി.ഗ്രാം) | | | | | | | | | | | | | |
| 11 | മട്ട അരി (1 കി.ഗ്രാം) | 24 | 30 | 30 | 33 | 33 | 33 | 33 | 33 | 33 | 33 | 33 | 33 | 33 |
| 12 | ജയ അരി (1 കി.ഗ്രാം) | 25 | 29 | 29 | 29 | 29 | 29 | 33 | 33 | 33 | 33 | 33 | 33 | 33 |
| 13 | വെളിച്ചെണ്ണ | 46 | 55 | 55 | 55 | 55 | 55 | 65 | 75 | 75 | 140 | 140 | 140 | 140 |